P-03-01-2014 LV-SP
9.00- 10.40

പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനം 2013 ജനുവരി മാസം 3-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് നിയമസഭാ ഹാളിൽ യോഗം ചേർന്നു.

രാവിലെ 8.50-ന് മുമ്പായി എല്ലാ അംഗങ്ങളും അവരവരുടെ ഇരിപ്പിട ങ്ങളിൽ ഉപവിഷ്ടരായി.

നിയമസഭാ മന്ദിരത്തിന്റെ കിഴക്കുവശത്തുള്ള പ്രധാന കവാടത്തിൽ രാവിലെ 8.55-ന് എത്തിച്ചേർന്ന ബഹുമാനപ്പെട്ട ഗവർണ്ണറെ (ശ്രീ. നിഖിൽ കുമാർ) ബഹുമാനപ്പെട്ട സ്പീക്കറും നിയമസഭാ സെക്രട്ടറിയും ചേർന്ന് സ്വീകരിച്ച് സ്പീക്കറുടെ വേദിയിലേക്ക് ആനയിച്ചു. ബഹുമാനപ്പെട്ട ഗവർണ്ണർ ചേംബറിന്റെ കവാടത്തിൽ എത്തിയപ്പോൾ സെക്രട്ടറി ഗവർണ്ണ റുടെ ആഗമനം അംഗങ്ങളെ അറിയിച്ചു.

ബഹുമാനപ്പെട്ട ഗവർണ്ണറും സ്പീക്കറും ചേംബറിൽ പ്രവേശിച്ചപ്പോൾ എല്ലാ അംഗങ്ങളും എഴുന്നേറ്റ് നിന്നു. ബഹുമാനപ്പെട്ട സ്പീക്കറുടെ വേദിയി ലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് ബഹുമാനപ്പെട്ട ഗവർണ്ണർ ഭരണ-പ്രതിപക്ഷ കക്ഷിനേതാക്കന്മാരുടെ സീറ്റിനരികിൽ ചെന്ന് അവരെ അഭിവാദ്യം ചെയ്തു.

ബഹുമാനപ്പെട്ട ഗവർണ്ണറും സ്പീക്കറും അദ്ധ്യക്ഷവേദിയിൽ അവരവ രുടെ ഇരിപ്പിടങ്ങൾക്ക് മുന്നിലെത്തിയപ്പോൾ ദേശീയഗാനം ആലപിക്കുകയും ചെയ്തു.

ബഹുമാനപ്പെട്ട ഗവർണ്ണറുടെ ഇരിപ്പിടത്തിന് പിന്നിൽ ഇട്ടിരുന്ന കസേരയിൽ ഗവർണ്ണറുടെ അംഗരക്ഷകനും ചേംബറിൽ ഗവർണ്ണറുടെ സെക്രട്ടറിക്കായി ഇട്ടിരുന്ന കസേരയിൽ അദ്ദേഹവും ഇരുന്നു.

ബഹുമാനപ്പെട്ട ഗവർണ്ണർ സ്പീക്കറുടെ വേദിയിലെത്തി നിയമസഭാ സാമാജികരെ അഭിവാദ്യം ചെയ്തശേഷം ഉപവിഷ്ടനായി. ബഹുമാനപ്പെട്ട ഗവർണ്ണർ 9.00 മണിക്ക് പ്രസംഗം ആരംഭിച്ചു.

## *ഗവർണ്ണറുടെ പ്രസംഗം

ഗവർണ്ണറുടെ പ്രസംഗം രാവിലെ 10.30– വരെ നീണ്ടുനിന്നു.

പ്രസംഗം പൂർത്തിയാക്കിയശേഷം ബഹുമാനപ്പെട്ട ഗവർണ്ണർ സ്വന്തം ഇരിപ്പിടത്തിന് മുന്നിലെത്തിയപ്പോൾ വീണ്ടും ദേശീയഗാനം ആലപിക്കപ്പെട്ടു.

ദേശീയഗാനാലാപനത്തിനുശേഷം ബഹുമാനപ്പെട്ട ഗവർണ്ണറെ ബഹുമാനപ്പെട്ട സ്പീക്കർ, നിയമസഭാ സെക്രട്ടറി എന്നിവർ ചേർന്ന് നിയമസഭാ മന്ദിരത്തിന്റെ പ്രധാന കവാടത്തിലേയ്ക്ക് അനുഗമിച്ച് യാത്രയാക്കി. ഗവർണ്ണറെ യാത്രയാക്കിയശേഷം ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ യോഗം തുടർന്നു.

<u>മി. സ്പീക്കർ</u>: ഓർഡർ....... ഓർഡർ........ ഗവർണ്ണറുടെ പ്രസംഗത്തിന്റെ കോപ്പികൾ ബഹുമാനപ്പെട്ട അംഗങ്ങൾക്കും പത്രപ്രതിനിധികൾക്കും ഇപ്പോൾ വിതരണം ചെയ്യുന്നതാണ്. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച 2014 ജനുവരി മാസം 06, 07, 08 എന്നീ തീയതികളിൽ നടക്കുന്നതാണ്. നന്ദിപ്രമേയത്തിന് ഭേദഗതികൾ അവ

---

* ഗവർണ്ണറുടെ പ്രസംഗത്തിന്റെ മലയാള പരിഭാഷ അനുബന്ധമായി ചേർത്തിട്ടുണ്ട്.

തരിപ്പിക്കാനാഗ്രഹിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ 2014 ജനുവരി മാസം 04-ാം തീയതി ശനിയാഴ്ച വൈകുന്നേരം 3.00 മണിക്ക് മുമ്പായി ഭേദഗതികൾ നിയമസഭാ സെക്രട്ടറിയെ ഏൽപ്പിക്കേതാണ്.

(ഗവർണ്ണറുടെ പ്രസംഗത്തിന്റെ കോപ്പികൾ അംഗങ്ങൾക്ക് വിതരണം ചെയ്തു.)

മി. സ്പീക്കർ: ഓർഡർ, ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2013 ജനുവരി മാസം 06-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 10.39-ന് പിരിഞ്ഞു.)

************